☎: General: 0471- 2312910, 2318153, 2318154, 2318155 Chairman: 2318150 Member Secretary: 2318151
e-mail: ms.kspcb@gov.in FAX: 0471-2318134, 2318152 web: www.keralapcb.nic.in

**KERALA STATE POLLUTION CONTROL BOARD**
**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**
Pattom P.O., Thiruvananthapuram – 695 004
പട്ടം പി.ഒ., തിരുവനന്തപുരം - 695 004

പിസിബി/റ്റി4/115/97 തീയതി: 27/08/2019

# സർക്കുലർ

വിഷയം:- പൗൾട്രി ഫാം സ്ഥാപിക്കുന്നതിന്/പ്രവർത്തിപ്പിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച്.

സൂചന:- 1) 31/08/2016 തീയതിയിലെ പിസിബി/റ്റി4/115/1992(2) നം സർക്കുലർ.
2) ചെറുകിട പൗൾട്രി ഫാമുകളിലെ ദുർഗന്ധം നിയന്ത്രിക്കുന്നത് സംബന്ധിച്ച് 07/08/2019 ന് കേന്ദ്ര ഓഫീസിൽ നടന്ന യോഗത്തിന്റെ മിനിറ്റ്സ്.

31/08/2016 ലെ സർക്കുലർ പ്രകാരം പന്നിഫാമുകൾ ഒഴികെയുള്ള ലൈവ് സ്റ്റോക്ക് ഫാമുകൾ പാലിക്കേണ്ട ദൂരപരിധി നിഷ്കർഷിച്ചിട്ടുണ്ട്. ഇവയിൽ പൗൾട്രി ഫാമുകൾ സ്ഥാപിക്കുമ്പോൾ/ പ്രവർത്തിക്കുമ്പോൾ താഴെ പറയുന്ന മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തണമെന്ന് സൂചന (2) പ്രകാരം തീരുമാനമായി.

1. ഫാമുകളിലുണ്ടാകുന്ന കോഴിവളം ചാക്കിൽ കെട്ടി നനയാതെ സൂക്ഷിക്കേണ്ടതും യഥാസമയം നീക്കം ചെയ്യേണ്ടതുമാണ്.
2. ദുർഗന്ധം കുറയ്ക്കാനായി ഫാമിൽ കുമ്മായം വിതറേണ്ടതാണ്.
3. പൗൾട്രി ഫാമുകളുടെ ഷെഡിന്റെ Eave Height (തറനിരപ്പിൽ നിന്ന് മേൽക്കൂരയുടെ ഇറമ്പ് വരെയുള്ള ഉയരം) 7-8 അടിയിൽ കൂടാത്ത രീതിയിൽ നിർമ്മിക്കുക.
4. ചത്ത കോഴികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശാസ്ത്രീയമായ രീതിയിലുള്ള deep burial സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
5. ചകിരിച്ചോറ്, മരപ്പൊടി എന്നിവ തറയിൽ വിതറേണ്ടതും സമയബന്ധിതമായി മാറ്റേണ്ടതുമാണ്.
6. 5000 കോഴിയിലധികം വളർത്തുന്ന ഷെഡുകളിൽ exhaust (10 $m^3$/bird/hour എന്ന തോതിൽ ഷെഡിനകത്ത് വായുസഞ്ചാരം ഉണ്ടാകത്തക്കവിധം), ബയോഫിൽട്ടർ എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തണം. ആധുനിക രീതിയിൽ slatted flooring ഏർപ്പെടുത്തുന്ന

പക്ഷം 31/08/2016-ലെ സർക്കുലർ പ്രകാരമുള്ള ദൂരപരിധിയിൽ ഇളവു വരുത്തുന്നതിന് കേന്ദ്ര ഓഫീസിൽ നിന്നും അനുമതി തേടാവുന്നതാണ്.

പ്രസ്തുത നിബന്ധനകൾ സർക്കുലർ തീയതി മുതൽ ബാധകമാണ്.

Ajit Haridas

ചെയർമാൻ

പകർപ്പ്:-

1. എല്ലാ മേഖലാ/ജില്ലാ ഓഫീസ് മേധാവികൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ ടെക്നിക്കൽ ഓഫീസർമാർക്കും
3. ഐറ്റി സെൽ (ബോർഡിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
4. ചെയർമാന്റെ സിഎ/മെമ്പർ സെക്രട്ടറിയുടെ സിഎ
5. സ്റ്റോക്ക് ഫയൽ